# കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ
# തിരുവനന്തപുരം.

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു ചെയർപേഴ്സൺ.

**എച്ച് ആർ എം പി നമ്പർ : 7989/11/12/2023/റ്റി വി എം.**

പരാതിക്കാരൻ : അബ്ദുൽ റഹ്മാൻ മകൻ സിദ്ദീഖ്.എ. എസ്, സിദ്ദീഖ് മൻസിൽ, ഉളിയൻകോട്, പാങ്ങോട് പി. ഒ, നെടുമങ്ങാട്, തിരുവനന്തപുരം.

എതിർകക്ഷികൾ : 1) ജയചന്ദ്രൻ സി. ജെ,അജയ് നിവാസ്, മുന്നാളം, അടൂർ, പത്തനംതിട്ട.
2) സുരേഷ് ഭാര്യ പ്രിയ, പ്രിയ ഭവൻ, മൺവിളമുകൾ കോലിയക്കോട്, വെഞ്ഞാറമൂട്, തിരുവനന്തപുരം.
3) അടൂർ പോലീസ് സ്റ്റേഷൻ ക്രൈം 1482/2023 ലെ രണ്ടാം പ്രതിയായ അനൂപ്.
4) അടൂർ പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് ശ്രീകുമാർ.എസ്.

**ഉത്തരവ് തീയതി : 13-11-2024.**

1. ഈ കേസിലെ രണ്ടാം എതിർകക്ഷിയായ പ്രിയയും സുലേഖ എന്ന സ്ത്രീയും ചേർന്ന് പരാതിക്കാരനിൽ നിന്നും 3,50,000/- രൂപ ചതിച്ചു തട്ടിയെടുത്ത സംഗതിക്ക് പാങ്ങോട് പോലീസിൽ പരാതി കൊടുത്തിരുന്നെന്നും പണം മടക്കി നൽകാമെന്ന് പറഞ്ഞ് പ്രിയ ലൊക്കേഷൻ അയച്ചുകൊടുത്ത് പരാതിക്കാരനെ പല സ്ഥലങ്ങളിലും എത്തിച്ച് ചെറിയ ചെറിയ തുകകൾ മടക്കി കൊടുത്തെന്നും ഒന്നാം എതിർകക്ഷിയും defacto complainant ആയ ജയചന്ദ്രനെ പലപ്പോഴും പ്രിയയോടൊപ്പം കാണുമായിരുന്നുവെന്നും പ്രിയ തട്ടിപ്പുകാരിയും പല കേസുകളിലും പ്രതിയാണെന്നും അറിയാൻ കഴിഞ്ഞെന്നും ഈ പരാതിയിൽ പറയുന്നു. നിരപരാധിയായ പരാതിക്കാരനെ അടൂർ പോലീസ് സ്റ്റേഷനിലെ Crime No.1482/2023 u/s 420, 34 IPC പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസിൽ കളവായി മൂന്നാം പ്രതിയാക്കി remand ചെയ്തിച്ചെന്നും ടി കേസിന്റെ അന്വേഷണം നടത്തുന്ന ഈ പരാതിയിലെ നാലാം എതിർകക്ഷിയായ അടൂർ പോലീസ് സബ് ഇൻസ്പെക്ടറിൽ നിന്നും അന്വേഷണം മാറ്റി സത്യസന്ധമായ മറ്റൊരു ഏജൻസിയെ ഏൽപ്പിച്ച് പരാതിക്കാരന് നീതി ലഭ്യമാക്കണമെന്നുമാണ് ഈ പരാതിയിലെ ആവശ്യം..

2. പരാതിയിൽ അടൂർ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് (Dy.S.P) പരാതിക്കാരന്റെയും ഒന്നും നാലും എതിർകക്ഷികളുടെയും മൊഴി സഹിതം 25..11..2023 തീയതിയിലെ റിപ്പോർട്ട് ഫയൽ ചെയ്തു. റിയൽ എസ്റ്റേറ്റ് ബിസിനസുകാരനായ ഒന്നാം എതിർകക്ഷി ജയചന്ദ്രന്റെയും ടിയാന്റെ ഭാര്യയുടെയും ഉടമസ്ഥതയിലുള്ള വീടും വസ്തുക്കളും വാങ്ങുന്നതിന് പ്രിയ, ടിയാളുടെ ഭർത്താവ് സിദ്ദീഖ്, മരുമകൻ അനൂപ്, എന്നിവർ എഗ്രിമെന്റ് എഴുതി 9,60,000/- രൂപ അഡ്വാൻസ് നൽകിയെന്നും പ്രിയ ബാങ്കിലെ തന്റെ ഫിക്സഡ് ഡിപ്പോസിറ്റിൽ നിന്നും ലോൺ എടുത്തത്

കുടിശ്ശികയുണ്ടെന്നും അത് അടച്ചുതീർത്താൽ മാത്രമേ പുതിയ ലോൺ എടുത്ത് മേൽ വസ്തുക്കൾക്ക് പ്രമാണം ചെയ്യാൻ സാധിക്കുകയുള്ളുവെന്നും ജയചന്ദ്രനെയും മറ്റും പറഞ്ഞ് വിശ്വസിപ്പിച്ച് 21,45,000/- രൂപയും 16 ലക്ഷം രൂപ വിലവരുന്ന 33 പവൻ സ്വർണാഭരണങ്ങളും കബളിപ്പിച്ചെടുത്തെന്നും മറ്റും മൊഴി നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രിയ, അനൂപ്, സിദ്ദീഖ് എന്നിവരെ യഥാക്രമം ഒന്നു മുതൽ മൂന്നു വരെ പ്രതികളാക്കി 17..10..2023 ന് അടൂർ പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ ശ്രീകുമാർ.എസ് Crime 1482/2023 u/s 420, 34 IPC രജിസ്റ്റർ ചെയ്തെന്നും നാലാം എതിർകക്ഷി 25..10..2013 ന് അറസ്റ്റ് ചെയ്ത് റിമാൻഡ് അപേക്ഷ സഹിതം അടൂർ ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ ഹാജരാക്കിയെന്നും കോടതി പ്രതികൾക്ക് ജാമ്യം അനുവദിച്ചുവെന്നും കേസന്വേഷണത്തിൽ ഈ പരാതിക്കാരൻ ഉൾപ്പെടെ മൂന്ന് പ്രതികൾക്കും കുറ്റകൃത്യത്തിൽ പങ്കുള്ളതായി വെളിവായെന്നും കേസിൽ നിന്നും രക്ഷപ്പെടാനാണ് പരാതിക്കാരൻ ഇങ്ങനെ പരാതി തന്നിരിക്കുന്നതെന്നുമാണ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്.

3. റിപ്പോർട്ടിന്മേൽ രേഖാമൂലം ആക്ഷേപം സമർപ്പിക്കാൻ ആവശ്യപ്പെട്ട് റിപ്പോർട്ടിന്റെ പകർപ്പ് സഹിതം പരാതിക്കാരന് നോട്ടീസ് അയച്ചു. പരാതിക്കാരൻ ഇന്ന് കമ്മീഷൻ മുമ്പാകെ നേരിട്ട് ഹാജരായി 13..11..2024 തീയതിയിലെ രേഖാമൂലം ആക്ഷേപം സമർപ്പിച്ചു. പോലീസ് റിപ്പോർട്ട് അടിസ്ഥാനരഹിതമാണെന്നും അന്വേഷണ ഉദ്യോഗസ്ഥനായ നാലാം എതിർകക്ഷി താൻ പറയുന്നത് കേൾക്കാനോ മൊഴി രേഖപ്പെടുത്താനോ തയ്യാറായില്ലെന്നും പത്തനംതിട്ട എസ്.പി.ക്കും താൻ പരാതി കൊടുത്തിട്ടുണ്ടെന്നും ആക്ഷേപത്തിൽ പറയുന്നു.

4.. കമ്മീഷൻ പരാതിയും റിപ്പോർട്ടും പരിശോധിക്കുകയും പരാതിക്കാരനെ നേരിൽ കേൾക്കുകയും ചെയ്തു. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത Criminal MC യിലെ ഹൈക്കോടതി നിർദ്ദേശാനുസരണം മേൽ കേസിന്റെ തുടരന്വേഷണം അടൂർ എസ്എച്ച്. ഓ. യിൽ നിന്നും മാറ്റി Narcotic Cell Deputy Superintendent of Police നെ ഏൽപ്പിച്ച് അന്വേഷണം നടന്നുവരുന്നുവെന്നും പരാതിക്കാരൻ ബോധിപ്പിച്ചു.

5. Narcotic Cell Deputy Superintendent of Police പ്രസ്തുത കേസിന്റെ അന്വേഷണം സത്യസന്ധമായും നീതിയുക്തമായും നടത്തണം. Defacto complainant ആയ ഈ കേസിലെ ഒന്നാം എതിർകക്ഷി ജയചന്ദ്രന്റെ വസ്തു വാങ്ങുന്നതിന് അനൂപ്, സിദ്ധീഖ് എന്നിവർ advance കൊടുക്കുകയും പ്രിയ, അനൂപ്, പരാതിക്കാരൻ എന്നിവരുടെ പേരിലുള്ള F D യിൽ നിന്നും നേരത്തെ എടുത്ത ലോൺ ക്ലോസ് ചെയ്ത ശേഷം F D യിൽ നിന്നും പുതിയ ലോൺ എടുത്താലെ ടി വസ്തുവിന്റെ മുഴുവൻ വിലയും കൊടുക്കുന്നതിന് സാധിക്കുകയുള്ളുവെന്നും വിശ്വസിപ്പിച്ച് ജയചന്ദ്രനിൽ നിന്നും പണവും സ്വർണവും ഉൾപ്പെടെ 37, 45,000 രൂപ തട്ടിയെടുത്തെന്നുമുള്ള Crime 1482/2023 ന്റെ FIR ൽ പറഞ്ഞിരിക്കുന്ന ആരോപണം believable or probable അല്ലായെന്നും പ്രഥമദൃഷ്ട്യാ അസംഭവ്യവുമാണെന്നാണ് കാണുന്നത്. അതിനാൽ ടി കേസിന്റെ തുടരന്വേഷണം പത്തനംതിട്ട ജില്ലാ പോലീസ് മേധാവി supervise ചെയ്യണം. കേസിന്റെ അന്വേഷണം ശരിയായ രീതിയിലാണോ നടക്കുന്നത് എന്ന് നിരീക്ഷിച്ച് ആവശ്യമായ

നിർദ്ദേശങ്ങൾ അന്വേഷണ ഉദ്യോഗസ്ഥന് നൽകണം. FIR ലെ ആരോപണങ്ങളിൽ ആക്ഷേപമുണ്ടെങ്കിൽ ഈ കേസിലെ പരാതിക്കാരനായ സിദ്ധീഖിന് അക്കാര്യം ചൂണ്ടിക്കാട്ടി ജില്ലാ പോലീസ് മേധാവിക്ക് (ഡി പി സി) നിവേദനം കൊടുക്കാം. ആ നിവേദനവും പരിഗണിച്ചുവേണം ഡി .പി സി അന്വേഷണ ഉദ്യോഗസ്ഥന് നിർദ്ദേശം കൊടുക്കാൻ. തുടരന്വേഷണത്തിന്റെ ഉദ്ദേശ്യം കേസിലെ സത്യമോ അസത്യമോ കണ്ടെത്തുക എന്നതായിരിക്കണം; അല്ലാതെ ഏത് വിധേനയും കുറ്റാരോപിതന് കൃത്യത്തിൽ പങ്കുണ്ട് എന്നു വരുത്തി തീർക്കുക എന്നതായിരിക്കരുത്. അടൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന പ്രഥമദൃഷ്ട്യാ അസംഭവ്യമാണെന്ന് തോന്നിപ്പിക്കുന്ന Crime No.1482/2023 കേസിന്റെ അന്വേഷണം ശരിയായ ഗതിയിലാണോ നീങ്ങുന്നത് എന്നതിനെ കുറിച്ച് ഡി പി സി ക്ക് ബഹു. ഹൈക്കോടതിയിലെ Director General of Prosecution ന്റെ അഭിപ്രായം തേടാവുന്നതാണ്.

6. മേൽപ്പറഞ്ഞ നിർദ്ദേശങ്ങളോടെ ഈ പരാതിയിലെ നടപടി കമ്മീഷൻ അവസാനിപ്പിക്കുന്നു. പരാതിക്കാരനും Pathanamthitta Narcotic Cell Deputy Superintendent of Police നും Pathanamthitta District Police Chief നും Director General of ~~Police~~ Prosecution, Hon'ble High Court of Kerala ക്കും ഈ ഉത്തരവിന്റെ പകർപ്പ് അയക്കുക.

( ഒപ്പ്)
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

(ശരിപ്പകർപ്പ്)

രജിസ്ട്രാർ.

j